പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 362    06.03.2012 ൽ മറുപടിയ്ക്ക്

മോഡൽ സെക്ഷൻ രൂപീകരണവും അപകട മരണങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി അപകടമരണങ്ങളുടെ എണ്ണം കഴിഞ്ഞ രണ്ടുവർഷമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | മോഡൽ സെക്ഷൻ രൂപീകരണത്തെതുടർന്നാണ് അപകടമരണങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതെന്ന് ചൂണ്ടിക്കാണിക്കുന്ന വിദഗ്ധ സമിതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; 2011 നവംബറിൽ ചേർന്ന സംസ്ഥാനതല അപകട നിവാരണ സമിതിയുടെ യോഗനടപടിക്കുറിപ്പിൽ അപകട മരണങ്ങളിൽ മോഡൽസെക്ഷൻ രൂപീകരണത്തിനുള്ള പങ്ക് പരാമർശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | ഇല്ല. വൈദ്യുത അപകട നിവാരണ സമിതിയുടെ 20-ാ മത് സംസ്ഥാനതല യോഗനടപടിക്കുറിപ്പിൽ കെ.എസ്.ഇ.ബി സെക്ഷനുകൾ മോഡൽ സെക്ഷൻ ആക്കി മാറ്റിയതോടെ വൈദ്യുതി അപകടങ്ങൾ ഉണ്ടാകുമ്പോൾ അവയുടെ ഉത്തരവാദിത്തം ആർക്കാണെന്നു കണ്ടുപിടിക്കാനും, അവർക്കെതിരെ നടപടിയെടുക്കാനും സാദ്ധ്യമല്ലാത്ത അവസ്ഥ ഉണ്ടായതായി പരാമർശിച്ചിട്ടുണ്ട്. |
| (സി) | 2009-ൽ പരീക്ഷണാർത്ഥം ആരംഭിച്ച മോഡൽ സെക്ഷൻ രൂപീകരണം 2011-ൽ പൂർണമായും നടപ്പാക്കുകയുണ്ടായോ ; എങ്കിൽ ഈ രണ്ടു വർഷങ്ങളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് അപകട മരണങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (സി) | 01.01.2011 മുതൽ അന്ന് നിലവിലുണ്ടായിരുന്ന എല്ലാ സെക്ഷനുകളും മോഡൽ സെക്ഷനുകളായി പ്രവർത്തിച്ചു വരുന്നു.<br>വിതരണ മേഖലയിൽ കഴിഞ്ഞ നാല് വർഷങ്ങളിൽ ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും ഉണ്ടായ അപകട മരണങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു. |

(...........2)

| സാമ്പത്തിക വർഷം | പൊതു ജനങ്ങൾ | ബോർഡ് ജീവനക്കാർ | കരാർ തൊഴിലാളികൾ | ആകെ |
|---|---|---|---|---|
| 2008-09 | 76 | 15 | 5 | 96 |
| 2009-10 | 94 | 9 | 9 | 112 |
| 2010-11 | 80 | 20 | 14 | 114 |
| ഏപ്രിൽ 2011 മുതൽ ജനുവരി 2012 വരെ | 80 | 13 | 12 | 105 |

(ഡി) മോഡൽ സെക്ഷൻ രൂപീകരണ സമ്പ്രദായം പുന:പരിശോധിക്കുമോ ; അല്ലെങ്കിൽ ഘടനാപരമായ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ ?

(ഡി) നിലവിലുള്ള മോഡൽ സെക്ഷൻ സമ്പ്രദായം പുന:പരിശോധിക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരിക്കയാണ്.

സെക്ഷൻ ഓഫീസർ